

കവിത

# കരുത്തിൽ ഗുരുത്വം

കാനായി കുഞ്ഞിരാമൻ



ഒറ്റവെട്ട്
രണ്ട് തുണ്ട്
തലവേറെ
ഉടൽ വേറെ
പ്രാണൻ പിടഞ്ഞലറി.
കൊള്ളാം- നല്ല കളിയാട്ടം.
ശുദ്ധ നാടൻകോഴി
ബലിക്കു പറ്റിയ
നേർച്ചക്കോഴി.
"കൊന്നാൽ പാപം
തിന്നാൽ തീരും"
നാടൻ പെരുമൊഴി.
പിന്നെയെന്തു വേണം?
എന്നെ വെട്ടിയാലും
നിന്നെ വെട്ടിയാലും
കോഴി വെട്ടിയാലും
ചോരക്കു ചോര
രക്തവർണ്ണം
വേദനയ്ക്കു വേദന
ഹൃദയവേദന.
അത് നേരല്ലെ?
വേദമോതി
പൊട്ടുതൊട്ടു.
തലയാട്ടി,
വെട്ടു വീണു.
ജീവൻ കെട്ടുപൊട്ടി
കാളക്കു വെട്ടുകത്തി
കൊലക്കത്തി.
ബലിപീഠത്തിൽ കിടക്കും
ബാലനും ദേവപ്രീതിക്ക്
മന്ത്രവെട്ട്, തന്ത്രക്കൊല, രക്തപൂജ.
എല്ലാം കാണും ജീവരക്തം.
മൂകസാക്ഷി, രക്തസാക്ഷി.
ഇടത്താണെൻ ഹൃദയം
വലത്താണെൻ ബലം
ഇടംവലം ബലപരീക്ഷയിൽ

രക്ഷനേടി, കക്ഷികൾ കുതിക്കുന്നു.
കുതികാൽ വെട്ടാൻ
'കൊട്ടേഷൻ' ഗുണ്ടകൾ രംഗത്ത്.
ഒറ്റവാക്ക്
രണ്ടുവട്ടം
മൂന്നുവെട്ട്.
മാടുവെട്ടും കത്തികൊണ്ട്,
വെട്ടിവീണ മനുഷ്യത്തലകൾ
തലയെണ്ണി കൂലിപറ്റി.
ആർത്തിക്കും ക്രൂരതയ്ക്കും
കോടതിയേത്, വിധിയേത്?
വിശപ്പിൻ വേദനയ്ക്ക് വേദമേത്?
മതമേത്?
പാർട്ടിയേത്?
വേദമോതാനും
ഗുണ്ടകൾ മുന്നണിയിൽ
വേദിപങ്കിടും ജനനായകൻ
ജനശക്തികൾ.
എല്ലാം കണ്ടറിയും
പ്രകൃതിയമ്മയ്ക്കനക്കമില്ല.
കേട്ടോ- ഒരുപൊട്ടുപദേശം.
"ആരെയും നന്നാക്കാൻ
നോക്കേണ്ട മക്കളേ!"
ശാസ്ത്രം പടിക്കൽ കാവലുണ്ട്.
പിശാചിനെ രാക്ഷസനാക്കാം
രാക്ഷസനെ ദേവനാക്കാം
ദേവനെ മനുഷ്യനാക്കാം
ജനിതക ഗുളികകൾ
വാങ്ങിക്കഴിക്കൂ,
രോഗം മാറ്റാം
ലിംഗം മാറ്റാം
മാറ്റുടുത്ത-
മാറിയ വികൃതിക്ക്
പ്രകൃതിവിരുദ്ധ
ആനന്ദോത്സവം- കൂടെ,
സ്വവർഗ സർഗസാക്ഷാത്കാരം.
മതിമറന്ന മതിഭോഗം
മതിവരാ പ്രേമസംഭോഗം.
അന്ന് ഗുണ്ടാഭരണം, –
രാജകുടുംബ സ്വേച്ഛാഭരണം.
ഇന്ന് ഗുണ്ടാഭരണം, –
ജനാധിപത്യ ഫാസിസ്റ്റ് ഭരണം.
നിന്നെ ഭരിച്ചാലും
എന്നെ ഭരിച്ചാലും
ജീവന്റെ തൃപ്തി,
സ്വയംഭരണ സ്വത്വബോധം.
മനുഷ്യഭരണം
മനോസൃഷ്ടി
ജൈവഭരണം.
പ്രകൃതിസൃഷ്ടി.



വർഗ്ഗരഹിത കൂട്ടായ്മ വാഴ്ചയിൽ
കൂട്ടുകൂടാനാളില്ല.
മനമില്ല, ജനമില്ല
വോട്ടുപിടിക്കാനാളില്ല.
വോട്ടു കൊടുക്കാനാളില്ല.
കുത്തഴിഞ്ഞ, കുത്തക കക്ഷിഭരണം,
ഏകാധിപത്യ സ്തുതിഭരണം.
മനുഷ്യാ-
അഹിംസയിൽ കെട്ടിമൂടിയ,
നിന്റെ ഹിംസ വ്യാജക്കൂട്,
ഹിംസ്ര വാസനകൾ,
തല്ലിത്തകർക്കും.
ഇരുട്ടിൻ സ്വാതന്ത്ര്യം
വെളിച്ചമല്ല.
തീവ്രവാദ കടി മൂർച്ചയിൽ
തുറന്ന കവാടം
അടയാത്ത മാതൃവാത്സല്യ
നിഗൂഢ മുഖകാന്തി.
അമ്മ നീ-
ഹിംസയാണഹിംസ.
മക്കൾക്കു മുമ്പിൽ
അഹിംസാവാദി.
പതിക്കു മുന്നിൽ
പതിവ്രതാരത്നം.
ദേവസന്നിധിയിൽ
സ്നേഹസമ്പന്ന വാത്സല്യമൂർത്തി
അമ്മേ! ഭൂദേവി-
പെൺമക്കൾക്കുമുണ്ട്
നിന്റെ കേന്ദ്രഗുരുത്വാ
കർഷണ വശ്യശക്തി.
എല്ലാം തന്നിലേക്ക്
എല്ലാം ഒന്നിലേക്ക്
മാതൃത്വഗർഭ ശ്രീകോവിലിലേക്ക്.
പെൺശക്തി നീ അബലയല്ല
നീ ശക്തികേന്ദ്ര പരാശക്തി.
പ്രചണ്ഡ സൂക്ത സന്നിധാനത്തിൽ
നിൻ ഹോമക്കുണ്ഡം പുകയുന്നു.
പുകയും കൊള്ളി പുറത്ത്
അണയും കൊള്ളി അകത്ത്.
ജ്വലിക്കും കൊള്ളി ജീവനാളം
തുടർ ദീപശിഖാ യാത്ര.
കരുത്തിൻ ജൈവ ശിഖയാത്ര
പരിണാമത്തിൻ
അനന്ത മുക്തിയാത്ര.
ശാന്തം, ഗംഭീരം
ഒഴുകുന്നു പിന്നെയും
സഹജമായൊഴുകുന്നു
കടൽനോക്കിയൊഴുകുന്നു
കലികാല മഹാനദി, ജീവനദി.